# KPSTA STATE ACADEMIC COUNCIL
## LSS MODEL EXAMINATION FEBRUARY - 2020
**(Paper -1) (പേപ്പർ-1)**

| രജിസ്റ്റർ നമ്പർ | | | | | | |
|---|---|---|---|---|---|---|
| അക്കത്തിൽ | | | | | | |
| അക്ഷരത്തിൽ | | | | | | |

**സമയം : 1 1/2 മണിക്കൂർ** **ആകെ സ്കോർ : 40**

---

## LSS MODEL EXAMINATION, FEBRUARY - 2020
**എൽ.എസ്.എസ്. മാതൃകാ പരീക്ഷ ഫെബ്രുവരി -2020**

**(Paper -1) (പേപ്പർ-1)**

ഓഫീസ് ഉപയോഗത്തിന് വേണ്ടി (For Office Use Only)

---

**പൊതുനിർദ്ദേശങ്ങൾ**

1. പരീക്ഷയുടെ ആകെ സമയം 1 മണിക്കൂർ 45 മിനുട്ടാണ് അതിൽ ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗപ്പെടുത്തേണ്ടതാണ്.
( The total time of examination is 1 hour 45 minutes, first 15 minuts will be cool-off time. The time should be used for reading the questions carefully).

2. പേപ്പർ ഒന്നിലെ ചോദ്യങ്ങൾ മൂന്നുഭാഗങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നു. പാർട്ട്(എ) ഒന്നാം ഭാഷ-(മലയാളം), പാർട്ട് (ബി)- ഇംഗ്ലീഷ്, പാർട്ട് (സി)- (പൊതുവിജ്ഞാനം)
Paper I includes 3 parts. Part A-(Malayalam), Part B-(English) and Part C-(General Knowledge)

3. എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.
Answer all the questions in the space provided in the question paper.

4. ബുക്ക്ലെറ്റിൽ ഏതെങ്കിലും വിധത്തിലുള്ള വ്യക്തിവിവരങ്ങളോ,അടയാളങ്ങളോ രേഖപ്പെടുത്താൻ പാടില്ല.
Identification marks or any other marks of such kind should not be written on the booklet.

5. ബുക്ക്ലെറ്റ് ഇൻവിജിലേറ്ററെ ഏൽപിച്ചതിനുശേഷം മാത്രമെ പരീക്ഷഹാൾ വിട്ട് പുറത്ത് പോകുവാൻ പാടുള്ളൂ.
Candidates should handover the booklet to the Invigilator before leaving the examina tion hall.

## കെ.പി.എസ്.ടി.എ സംസ്ഥാന അക്കാദമിക് കൗൺസിൽ

## LSS MODEL EXAMINATION, FEBRUARY - 2020

### എൽ.എസ്.എസ് മാതൃകാ പരീക്ഷ ഫെബ്രുവരി 2020

**(പേപ്പർ - 1) (പാർട്ട് - എ )**

# മലയാളം

**ആകെ സ്കോർ : 20**

- 1 മുതൽ 12 വരെയുള്ള ചോദ്യങ്ങളാണ് മലയാളത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ചോദ്യത്തിനും നേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.
- എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരം എഴുതുക.

1. തിക്കോടിയൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന എഴുത്തുകാരന്റെ യഥാർത്ഥ പേര് എന്ത്? **(സ്കോർ -1)**

ഉത്തരം :

2. കടംകഥയുടെ ഉത്തരം എഴുതുക. **(സ്കോർ -1)**

സൂചി പോലെ ഇല വന്നു
പായ പോലെ വിരിഞ്ഞു

ഉത്തരം :

3. താഴെ കൊടുത്ത പദങ്ങളിൽ ശരിയായ രൂപം എഴുതുക. **(സ്കോർ -1)**

അദ്ഭുതം - അത്ഭുതം

ഉത്തരം :

4. ശൃംഗം എന്ന പദത്തിൻറെ അർത്ഥം എഴുതുക **(സ്കോർ -1)**

ഉത്തരം :

5. ആയെന്ന് - പിരിച്ചെഴുതുക **(സ്കോർ -1)**

ഉത്തരം :

**6 മുതൽ 10 വരെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തന്നിട്ടുള്ളവയിൽ നിന്നും തെരഞ്ഞെടുത്തെഴുതുക. ഓരോന്നിനും ഒരു സ്കോർ വീതം.**

6. ആപത്തിൽ അകപ്പെട്ട ബലവാനെ നിസ്സാരനും ഉപദ്രവിക്കും എന്നതിന് യോജിച്ച പഴഞ്ചൊല്ല് താഴെക്കൊടുത്തവയിൽ ഏത്?

A) ചേറ്റിൽ തല്ലിയാൽ നീളെ തെറിക്കും

B) ചോരയും ചോറും മറക്കരുത്

C) ചേറ്റിൽ പുതഞ്ഞ ആനയെ കാക്കയും കൊത്തും

D) ജന്മം വിറ്റു ജയം കൊണ്ടാടണം

| |
|---|
| ഉത്തരം : |

7. നവസമൃദ്ധ കേരളം

നവവിബുദ്ധ കേരളം

വികച വീരകേരളം

വിതതവിശ്വ കേരളം - ഈ വരികൾ ആരുടേത്

A) ഉള്ളൂർ

B) വയലാർ

C) പി കുഞ്ഞിരാമൻനായർ

D) കാവാലം നാരായണ പണിക്കർ

| |
|---|
| ഉത്തരം : |

8. താഴെ കൊടുത്തിട്ടുള്ളവയിൽ തെറ്റായ ജോഡി ഏത് ?

| | | |
|---|---|---|
| A) മഗ്ദലനമറിയം | - | വള്ളത്തോൾ |
| B) ഭാഷാനാടകം | - | പണ്ഡിറ്റ് കെ പി കറുപ്പൻ |
| C) ചണ്ഡാലഭിക്ഷുകി | - | ഉള്ളൂർ |
| D) ചെറുശ്ശേരി | - | കൃഷ്ണഗാഥ |

| |
|---|
| ഉത്തരം : |

9. ശരിയായ ചിഹ്നം ചേർത്ത വാക്യം എടുത്തെഴുതുക.

A) നീ കേട്ടില്ലേ്യ ഞാൻ ചോദിച്ചത് ? എനിക്കൊക്കെ ചെറിയ മൂക്കാണല്ലോ.

B) നീ കേട്ടില്ലേ്യ ഞാൻ ചോദിച്ചത് . എനിക്കൊക്കെ ചെറിയ മൂക്കാണല്ലോ.

C) "നീ കേട്ടില്ലേ്യ ഞാൻ ചോദിച്ചത് ? എനിക്കൊക്കെ ചെറിയ മൂക്കാണല്ലോ".

D) നീ കേട്ടില്ലേ്യ ഞാൻ ചോദിച്ചത് ? എനിക്കൊക്കെ ചെറിയ മൂക്കാണല്ലോ?

| |
|---|
| ഉത്തരം : |

10. ‘സാധാരണക്കാരന്റെ കഥകളി’ എന്നറിയപ്പെടുന്ന കലാരൂപം ഏത്?

A) തെയ്യം B) പടയണി C) ഓട്ടൻതുള്ളൽ D) ചാക്യാർകൂത്ത്

| ഉത്തരം : |
|---|

11. താഴെ കൊടുത്ത കവിത വായിക്കുക

**അന്തിച്ചന്തം**

സ്വർണ്ണമുരുക്കിയൊഴിച്ച പോലെ
പോക്കുവെയിലെങ്ങും പരന്നല്ലോ
അന്തിയ്ക്കിതെന്തൊരു ചന്തമയ്യാ!
ചന്ദനം തൊട്ടതുപോലെയെല്ലാം
മാനം തിളങ്ങുന്ന പട്ടുപോലെ
മഞ്ഞളരച്ചതു പോലെയല്ലോ
ആഴിക്കുമേലെയാ പട്ടു കണ്ടോ
തെങ്ങിൻതലപ്പിലും മഞ്ഞപ്പട്ട്ചെമ്പകം, പിച്ചകം, ചെമ്പരത്തി
മുല്ലമലരിലും മഞ്ഞപ്പട്ട്
മുറ്റത്തഴയിൽ വിരിച്ച മുണ്ടിൽ
വെള്ളച്ചുമരിലും മഞ്ഞപ്പട്ട്
ആമ്പൽക്കുളത്തിലുമാമ്പലിലും
ആറ്റുവെള്ളത്തിലും മഞ്ഞപ്പട്ട് -കല്ലറ അജയൻ-

a) കവിതയിൽ അടിവരയിട്ടിരിക്കുന്ന പദത്തിന്റെ അർത്ഥം എഴുതുക. **(സ്കോർ -1)**

| ഉത്തരം : |
|---|

b) കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. **(സ്കോർ -4)**

12. താഴെ കൊടുത്ത ഗദ്യഭാഗം ശ്രദ്ധാപൂർവ്വം വായിക്കുക.

കാലപ്രയാണത്തിനിടയിൽ പ്രകൃതിക്കുണ്ടാകുന്ന ഭിന്നഭാവങ്ങളെയാണല്ലോ ഋതുക്കൾ എന്ന് പറയുന്നത്. ഭാരതീയ സങ്കല്പമനുസരിച്ച് ആറു ഋതുക്കളാണുള്ളത്. വസന്തം, ഗ്രീഷ്മം, വർഷം, ശരത്, ഹേമന്തം, ശിശിരം എന്നിവയാണവ. കുംഭം, മീനം, മേടം, ഇടവത്തിന്റെ പകുതി എന്നിവ നമുക്ക് ഗ്രീഷ്മ (വേനൽ) കാലമാണ്. ഇടവമാസത്തിന്റെ രണ്ടാം പകുതിയോടെ ആരംഭിക്കുന്ന വർഷകാലം തുലാം വരെ നീണ്ടുനിൽക്കും. ഇടവപ്പാതിയുടേയും തുലാവർഷത്തിന്റേയും ഇടയിലായി ശരത്കാലം കടന്നുവരുന്നു. മാനം തെളിയുകയും ചെടികൾ പൂക്കുകയും ചെയ്യുന്നു. ഓണം ഈ ഋതുവിലാണ് ആഘോഷിക്കുന്നത്. കൊയ്ത്തുകാലമാണിത്. ഇത് കേരളത്തിന്റെ ഉപവസന്തം എന്നറിയപ്പെടുന്നു. പിന്നീട് വൃശ്ചികം, ധനു, മകരം എന്നീ മാസങ്ങളിലായി ഹേമന്തം (മഞ്ഞ്) അനുഭവപ്പെടുന്നു. ഹേമന്തം ശിശിരത്തിലേക്ക് വളരുന്നു. ഈ ഋതുവിൽ കൊടും തണുപ്പും ശീതക്കാറ്റും ഉണ്ടാകും. ഇലകൾ കൊഴിയുന്നതും കായ്കനികളും പൂമ്പൊടിയും വിതരണം ചെയ്യുന്നതും ഈ സമയത്താണ്. ഗ്രീഷ്മത്തിന്റെ തൊട്ടുമുന്നിലോ തുടക്കത്തിലോ വസന്തം കേരളത്തിൽ കടന്നുവരുന്നു. വൃക്ഷങ്ങൾ തളിർക്കുന്നതും പൂക്കുന്നതും അപ്പോഴാണ്.

a) ഭാരതീയ സങ്കല്പമനുസരിച്ചുള്ള ഋതുവിഭജനങ്ങൾ ഏതൊക്കെ? **(സ്കോർ -1)**

ഉത്തരം :

b) ശരത്കാലവും ഹേമന്തകാലവും തങ്ങൾ മൂലം പ്രകൃതിയിൽ ഉണ്ടാകുന്ന മാറ്റങ്ങളെ കുറിച്ച് പുകഴ്ത്തി പറയാൻ തുടങ്ങി. എന്തൊക്കെയായിരിക്കും അവർ സംസാരിച്ചിട്ടുണ്ടാവുക? സംഭാഷണ രൂപത്തിൽ എഴുതുക. **(സ്കോർ -4)**

ശരത് :

ഹേമന്തം :

ശരത് :

ഹേമന്തം :

# KPSTA STATE ACADEMIC COUNCIL
# LSS MODEL EXAMINATION, FEBRUARY 2020

**(Paper -1) (Part-B)**

**ENGLISH**

**Total Score 10**

**Write the answers to the questions in the space provided.**

* Question 13 to 14 are included in the English section.
* The score for each question is given against it.
* Answer all the questions

13. a) Read the passage and answer the questions. **(Score 1)**

Pingala was talking with his friends. Suddenly he got a paper from the floor. It was written by the minister. He read the heading. There were twelve letters. But it was not clear. What would be the twelve letters. But it was not clear.
What would be the twelve letter word written by the minister?

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| A | | | | | | | | | | | T |

b) Re arrange the following words and make meaningful sentences. **(Score 1)**

toys/child/the/fascinated/was/by

C) **Match the following** **(Score 3)**

| | |
|---|---|
| Bouquet | Farmer |
| Seed | Flower |
| Cultivation | Sprout |

14) a) Make a meaningful word from the given letters.

| | | | | | | |
|---|---|---|---|---|---|---|
| E | R | S | A | N | V | T |

Ans:

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |

b) Choose the correct spelling.

| |
|---|
| Lounched, Launched, Lounchid, Launched |

Ans:

| |
|---|
| |

c) lvan is now a king. He was very much happy to see his friend Nightingale again. He went out side the place and ordered his servants to make a beautiful garden. Ivan started thinking about his dream garden.

Describe the garden.

| |
|---|
| |

# കെ.പി.എസ്.ടി.എ സംസ്ഥാന അക്കാദമിക് കൗൺസിൽ

# LSS MODEL EXAMINATION, FEBRUARY - 2020

## എൽ.എസ്.എസ് മാതൃകാ പരീക്ഷ ഫെബ്രുവരി 2020

**(പേപ്പർ - I) (പാർട്ട് - സി)**

## പൊതുവിജ്ഞാനം

**ആകെ സ്കോർ : 10**

* എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരം എഴുതേണ്ടതാണ്.
* 15 മുതൽ 24 വരെയുള്ള ചോദ്യങ്ങളാണ് പൊതു വിജ്ഞാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
* ഓരോ ചോദ്യത്തിനും നേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.

15. 2019 എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചത് ആർക്കാണ്? **(സ്കോർ : 1)**

A) അക്കിത്തം B) വി. ജെ ജെയിംസ്
C) ഇ.വി.രാമകൃഷ്ണൻ D) പി.സച്ചിദാനന്ദൻ

16. ഇന്ത്യയുടെ ഇപ്പോഴത്തെ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ? **(സ്കോർ : 1)**

A) ദീപക് മിശ്ര B) ഇന്ദിര ബാനർജി
C) എസ് എ ബോബ്ഡെ D) രഞ്ജൻ ഗൊഗോയ്

17. ആതിരപ്പള്ളി വാഴച്ചാൽ വെള്ളച്ചാട്ടം സ്ഥിതി ചെയ്യുന്ന ജില്ല **(സ്കോർ : 1)**

A) എറണാകുളം B) തൃശ്ശൂർ
C) കോഴിക്കോട് D) കൊല്ലം

18. കേരളത്തിലെ ആദ്യത്തെ ശുചിത്വ പഞ്ചായത്ത് ? **(സ്കോർ : 1)**

A) പോത്തുങ്കൽ B) വെള്ളനാട്
C) മങ്കര D) പിലിക്കോട്

19. ജവഹർലാൽ നെഹ്റുവിന്റെ അന്ത്യവിശ്രമസ്ഥലം **(സ്കോർ : 1)**

A) ശക്തിസ്ഥൽ B) വീർഭൂമി
C) ശാന്തിവനം D) സമതാസ്ഥൽ

20. ലോക വനിത ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ സ്വർണം നേടിയ ആദ്യ ഇന്ത്യക്കാരി ? **(സ്കോർ : 1)**

21. കേരളത്തിലെ ഏറ്റവും ചെറിയ നദി ഏത്? **(സ്കോർ : 1)**

22. ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന ഏറ്റവും കുറഞ്ഞ മൂല്യമുള്ള നാണയം ഏത് ? **(സ്കോർ : 1)**

23. മഞ്ഞ് എന്ന നോവൽ രചിച്ചത് ? **(സ്കോർ : 1)**

24. പക്ഷിക്കോലം, കുതിരക്കോലം എന്നിവ ഏത് കലയുമായി ബന്ധപ്പെട്ടവയാണ് ? **(സ്കോർ : 1)**